# ഉപയോഗത്തിനുള്ള നിബന്ധനകൾ

*Disclaimer: In the event of any discrepancy or conflict in the translated version, the English version will prevail over the translation.*

ഈ കരാർ ഇന്ത്യയിലെ നിയമങ്ങൾക്ക് കീഴിൽ ഇൻകോർപറേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതും, 1956ലെ കമ്പനി നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതുമായ പൈസബസാർ മാർക്കറ്റിംഗ് ആൻഡ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് (ഇനി മുതൽ കൂട്ടായി "കമ്പനി"/ "പൈസബസാർ" എന്ന് വിളിക്കപ്പെടും) നിയന്ത്രിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതായ "www.paisabazaar.com" എന്ന വെബ്സൈറ്റും അതിന്റെ മൊബൈൽ ആപ്ലിക്കേഷനും (ഒരുമിച്ച് "വെബ്സൈറ്റ്" എന്ന് സൂചിപ്പിക്കപ്പെടുന്നു) ആക്സസ് ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും ബാധകമായിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും മുന്നോട്ടുവയ്ക്കുന്നു.

ഈ പ്രമാണം/കരാർ ("കരാർ" എന്ന് വിളിക്കപ്പെടുന്നു) 2000ലെ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് പ്രകാരമുള്ള ഒരു ഇലക്ട്രോണിക് രേഖയാണ്, കൂടാതെ ഒരു കമ്പ്യൂട്ടർ സിസ്റ്റം ജനറേറ്റ് ചെയ്തിട്ടുള്ളതും ഭൗതികമോ അല്ലെങ്കിൽ ഡിജിറ്റലോ ആയ ഒപ്പുകൾ ആവശ്യമില്ലാത്തതുമാണ്. ഈ പ്രമാണം പ്രസിദ്ധീകരിച്ചിരിക്കുന്നത് ഈ വെബ്സൈറ്റിന്റെ പ്രാപ്യതയ്ക്കോ ഉപയോഗത്തിനോ പ്രയോഗിക്കേണ്ടതായ മതിയായ ജാഗ്രത പ്രദാനം ചെയ്യുന്ന 2011ലെ ഇൻഫർമേഷൻ ടെക്നോളജി (ഇടനിലക്കാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ) ലെ റൂൾ 3-ന്റെ വ്യവസ്ഥകൾക്കനുസൃതമായാണ്. ഈ വെബ്സൈറ്റ് ആക്സസ് ചെയ്യുന്നതിലൂടെ അല്ലെങ്കിൽ വെബ്സൈറ്റിൽ താങ്കളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലൂടെ ഉപയോക്താക്കൾ (ഇനിമേൽ ഇതിൽ "താങ്കൾ" അല്ലെങ്കിൽ "താങ്കളുടെ" എന്ന് സൂചിപ്പിക്കപ്പെടുന്നു) ഈ ഉപയോഗ നിബന്ധനകൾക്ക് ("ടി.ഒ.യു.") വിധേയരാണെന്ന് സമ്മതിക്കുകയാണ്. ഈ കരാറും അതോടൊപ്പം സ്വകാര്യതാ നയവും ബാദ്ധ്യതാനിരാകരണവും, താങ്കളുമായുള്ള ഞങ്ങളുടെ ബന്ധം ഈ വെബ്സൈറ്റ് നൽകുന്ന ഏതെങ്കിലും നിർദ്ദിഷ്ട സേവനത്തിന് ബാധകമായ നിയമങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, നയങ്ങൾ, നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവയ്ക്ക് വിധേയമായിരിക്കും എന്ന് വിവരിക്കുകയും, അവ ഈ ടി.ഒ.യു.-ൽ ഉൾപ്പെടുത്തിയതായി

കണക്കാക്കുകയും. ഈ ടി.ഒ.യു.-യുടെ ഭാഗമായും അവിഭാജ്യ ഘടകവുമായും പരിഗണിക്കുകയും ചെയ്യുന്നതുമാണ്.

ടി.ഒ.യു.-യുടെ നിലവിലുള്ള പതിപ്പ് അവലോകനം ചെയ്യുന്നതിന് ഇടയ്ക്കിടെ ഈ പേജിലേക്ക് മടങ്ങുന്നു എന്ന് ഉറപ്പാക്കുക. മുൻകൂർ അറിയിപ്പ് കൂടാതെ എപ്പോൾ വേണമെങ്കിലും ടി.ഒ.യു. വ്യത്യാസപ്പെടുത്തുന്നതിനോ അല്ലെങ്കിൽ മറ്റുവിധത്തിൽ പരിഷ്ക്കരിക്കുന്നതിനോ ഉള്ള അവകാശം ഞങ്ങളുടെ സ്വന്തം വിവേചന പ്രകാരം ഞങ്ങളിൽ നിക്ഷിപ്തമാണ്, കൂടാതെ ഈ വെബ്സൈറ്റിന്റെ തുടർച്ചയായ ആക്സസ് അല്ലെങ്കിൽ ഉപയോഗം അപ്ഡേറ്റ് ചെയ്തതോ പരിഷ്കരിച്ചതോ ആയ ടി.ഒ.യു. താങ്കൾ സ്വീകരിച്ചതായി സൂചിപ്പിക്കുകയും ചെയ്യുന്നു.

ഈ നിബന്ധനകളും വ്യവസ്ഥകളും ശ്രദ്ധാപൂർവ്വം വായിക്കുക. ഇതിൽ അടങ്ങിയിരിക്കുന്ന നിബന്ധനകളുടെ താങ്കളുടെ സ്വീകാര്യത, ഇവിടെ നിർവചിച്ചിരിക്കുന്ന ഉദ്ദേശ്യത്തിനായി താങ്കളും കമ്പനിയും തമ്മിലുള്ള കരാർ ആയിരിക്കുന്നതാണ്.

## 1. സേവനങ്ങളുടെ വിവരണവും സ്വീകാര്യതയും

-

വായ്പാ സൗകര്യം, ക്രെഡിറ്റ് കാർഡ് സൗകര്യം, നിക്ഷേപ സേവനങ്ങളായ സേവിംഗ്സ് അക്കൗണ്ട്, സ്ഥിര നിക്ഷേപങ്ങൾ, മ്യൂച്വൽ ഫണ്ടുകൾ (മൊത്തത്തിൽ "സേവനം/ങ്ങൾ" എന്നു സൂചിപ്പിക്കപ്പെടുന്നു) എന്നിങ്ങനെയുള്ള നിക്ഷേപ സേവനങ്ങൾ ഉൾപ്പെടെയുള്ളതും എന്നാൽ അവയിൽ മാത്രം പരിമിതപ്പെട്ടിട്ടില്ലാത്തതുമായ ചില സാമ്പത്തിക ഉൽപ്പന്നങ്ങളെ/സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങളിലേക്കുള്ള ആക്സസ് കമ്പനി ഇതിനാൽ താങ്കൾക്ക് വാഗ്ദാനം ചെയ്യുന്നു. പൈസബസാർ വായ്പ, ക്രെഡിറ്റ് കാർഡ് സൗകര്യം, സേവിംഗ്സ് അക്കൗണ്ട്, സ്ഥിര നിക്ഷേപങ്ങൾ എന്നിവയ്ക്കൊപ്പം മ്യൂച്വൽ ഫണ്ടുകളുമായി ബന്ധപ്പെട്ട നിക്ഷേപ സേവനങ്ങൾ നൽകുന്നു. അവ കൂടാതെ, ക്രെഡിറ്റ് പരിശോധന സേവനങ്ങൾ ഉൾപ്പെടെയുള്ളതും എന്നാൽ അവയിൽ മാത്രം പരിമിതപ്പെട്ടിട്ടില്ലാത്തതുമായ മൂന്നാം കക്ഷി സേവനങ്ങളും, ഒപ്പം മൂന്നാം കക്ഷി സൈറ്റുകളിലൂടെ (ഉദാ. ബാങ്ക് സൈറ്റുകൾ മുതലായവ)

താങ്കളുടെ വിവരങ്ങൾ വീണ്ടെടുക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മറ്റേത് സേവനങ്ങളും, സേവനങ്ങൾ ("അനുബന്ധ സേവനങ്ങൾ") സംബന്ധിച്ച താങ്കളുടെ തെരഞ്ഞെടുപ്പുമായി സംയോജിച്ച് കമ്പനി നൽകിയേക്കാം. മുകളിൽ പറഞ്ഞ സേവനങ്ങളും അനുബന്ധ സേവനങ്ങളും വാണിജ്യപരമായി ന്യായമായ പ്രയത്നത്തിന്റെ അടിസ്ഥാനത്തിലാണ് പ്രദാനം ചെയ്യുന്നത്, മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സേവനങ്ങൾ നേടുന്നതിനുള്ള താങ്കളുടെ പങ്കാളിത്തം പൂർണ്ണമായും താങ്കളുടെ ഇഷ്ടത്തിനും സമ്മതത്തിനും അനുസരിച്ചാണെന്ന് താങ്കൾ സമ്മതിക്കുന്നു.

കാലാകാലങ്ങളിൽ സേവനങ്ങളുടെയും അനുബന്ധ സേവനങ്ങളുടെയും താങ്കളുടെ തുടർച്ചയായ ഉപയോഗം, ടി.ഒ.യു.യുടെ ഏതെങ്കിലും അപ്ഡേറ്റോ പരിഷ്ക്കരണമോ ഉൾപ്പെടെയുള്ള സ്വീകാര്യതയായി കണക്കാക്കുന്നതും, ഇവിടെ നിർവചിച്ചിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് ഈ കരാർ അവസാനിപ്പിക്കുന്നത് വരെ താങ്കൾ ഈ കരാറിന് വിധേയമായിരിക്കുന്നതുമാണ്.

സംയുക്ത വിപണന ഉദ്ദേശ്യങ്ങൾ/വിവിധ സേവനങ്ങൾ വാഗ്ദാനം ചെയ്യൽ /റിപ്പോർട്ട് ജനറേഷനുകൾ കൂടാതെ/അല്ലെങ്കിൽ താങ്കൾ തിരഞ്ഞെടുത്തതോ അല്ലാത്തതോ ആയ സേവനങ്ങളുമായി ചേർന്ന് വിവിധ മൂല്യ വർദ്ധിത സേവനങ്ങൾ താങ്കൾക്ക് പ്രദാനം ചെയ്യുന്നതിനുള്ള സമാന സേവനങ്ങൾ എന്നിവയ്ക്ക് ആവശ്യമായിരിക്കുന്നിടത്തോളം താങ്കളുടെ വിവരങ്ങൾ കമ്പനിയുടെ ഗ്രൂപ്പ് കമ്പനികളുമായും മറ്റ് മൂന്നാം കക്ഷികളുമായും പങ്കിടാൻ താങ്കൾ സമ്മതിക്കുകയും അതിന് കമ്പനിയെ അധികാരപ്പെടുത്തുകയും ചെയ്യുന്നു. സേവനങ്ങൾ/അനുബന്ധ സേവനങ്ങളുടെ അപ്ഡേറ്റുകൾ, വിവരങ്ങൾ/പ്രമോഷണൽ ഇമെയിലുകൾ കൂടാതെ/അല്ലെങ്കിൽ ഉൽപ്പന്ന അറിയിപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട് കമ്പനിയിൽ നിന്നോ അതിന്റെ മൂന്നാം കക്ഷി വെണ്ടർമാരിൽ നിന്നോ/ബിസിനസ് പങ്കാളികളിൽ നിന്നോ/വിപണന അഫിലിയേറ്റുകളിൽ നിന്നോ ഇമെയിലുകൾ, ടെലിഫോൺ കൂടാതെ/അല്ലെങ്കിൽ എസ്.എം.എസ്. വഴിയുള്ള ആശയവിനിമയങ്ങൾ സ്വീകരിക്കാൻ താങ്കൾ സമ്മതിക്കുന്നു. ഈ പശ്ചാത്തലത്തിൽ, താങ്കൾ നൽകിയിട്ടുള്ള മൊബൈൽ നമ്പറിൽ, ഈ മൊബൈൽ നമ്പർ ടി.ആർ.എ.ഐ. നിയന്ത്രണങ്ങൾക്ക് കീഴിൽ ഡി.എൻ.ഡി./എൻ.സി.പി.ആർ. ലിസ്റ്റിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പോലും, എല്ലാ ആശയവിനിമയങ്ങളും

സ്വീകരിക്കാൻ താങ്കൾ സമ്മതിക്കുകയും അതിനുള്ള അനുവാദം നൽകുകയും ചെയ്യുന്നു. കൂടാതെ ആ ഉദ്ദേശ്യത്തിനായി, ഏത് മൂന്നാം കക്ഷി സേവന ദാതാവുമായും അല്ലെങ്കിൽ ഏത് അഫിലിയേറ്റുമായും, അതിന്റെ ഗ്രൂപ്പ് കമ്പനികളുമായും, അംഗീകൃത ഏജന്റുമാരുമായും വിവരങ്ങൾ പങ്കിടാൻ/വെളിപ്പെടുത്താൻ താങ്കൾ കമ്പനിയെ കൂടുതലായി അധികാരപ്പെടുത്തുകയും ചെയ്യുന്നു.

ഞങ്ങളുടെ നിയമപരമായ ബാധ്യതകൾ പാലിക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും സേവനങ്ങളും അനുബന്ധ സേവനങ്ങളും നൽകുന്നതിന് ഞങ്ങളുടെ കരാറുകൾ നടപ്പിലാക്കുന്നതിനും ആവശ്യമായിരിക്കുന്ന പ്രകാരം കമ്പനി താങ്കളുടെ വിവരങ്ങൾ നിലനിർത്തുകയും ഉപയോഗിക്കുകയും ചെയ്യും.

## 2. ലൈസൻസും വെബ്സൈറ്റ് പ്രാപ്യതയും

-

സേവനങ്ങളിൽ നിലനിൽക്കുന്ന ഏതെങ്കിലും ബൗദ്ധിക സ്വത്തവകാശം ഉൾപ്പെടെ (ആ അവകാശങ്ങൾ രജിസ്റ്റർ ചെയ്തതായാലും അല്ലെങ്കിലും) സേവനങ്ങളിലും സേവനങ്ങളിലേക്കും കമ്പനിയ്ക്ക് എല്ലാ നിയമപരമായ അവകാശങ്ങളും പദവികളും താൽപ്പര്യവും സ്വന്തമായി ഉണ്ടെന്ന് താങ്കൾ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. സേവനങ്ങളിൽ രഹസ്യാത്മകമെന്ന് കമ്പനി നിയോഗിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കാമെന്നും കമ്പനിയുടെ മുൻകൂർ രേഖാമൂലമുള്ള സമ്മതമില്ലാതെ അത്തരം വിവരങ്ങൾ താങ്കൾ വെളിപ്പെടുത്താൻ പാടില്ലെന്നും താങ്കൾ അംഗീകരിക്കുന്നു. വെബ്സൈറ്റിന്റെ "രൂപവും ഭാവവും" (ഉദാ. ടെക്സ്റ്റ്, ഗ്രാഫിക്സ്, ഇമേജുകൾ, ലോഗോകൾ, ബട്ടൺ ഐക്കണുകൾ), ഫോട്ടോഗ്രാഫുകൾ, എഡിറ്റോറിയൽ ഉള്ളടക്കം, അറിയിപ്പുകൾ, സോഫ്റ്റ്‌വെയർ, മറ്റ് മെറ്റീരിയലുകൾ എന്നിവ ഉൾപ്പെടെയുള്ള അതിന്റെ ള്ളടക്കം, കമ്പനിയുടെ/കൂടാതെ/അല്ലെങ്കിൽ അതിന്റെ മൂന്നാം കക്ഷി സേവന ദാതാക്കൾ/അവരുടെ ലൈസൻസർമാർ എന്നിവരുടെ ഉടമസ്ഥതയിലുള്ളതാണ്/അവർക്ക് ലൈസൻസ് ലഭിച്ചിട്ടുള്ളതാണ്, കൂടാതെ ബാധകമായ പകർപ്പവകാശം, വ്യാപാരമുദ്ര, മറ്റ് നിയമങ്ങൾ എന്നിവയ്ക്ക് കീഴിൽ അവരാൽ സംരക്ഷിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു.

വെബ്സൈറ്റ്, സേവനങ്ങൾ, അനുബന്ധ സേവനങ്ങൾ എന്നിവ ആക്സസ് ചെയ്യാനും ഉപയോഗപ്പെടുത്താനും കമ്പനി താങ്കൾക്ക് പരിമിതമായ ഒരു ലൈസൻസ് അനുവദിക്കുന്നു. ഈ ലൈസൻസിൽ മറ്റൊരു വ്യക്തിയുടെയോ വെണ്ടറുടെയോ മറ്റേതെങ്കിലും മൂന്നാം കക്ഷിയുടെയോ പ്രയോജനത്തിനായി ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ ഡൗൺലോഡ് ചെയ്യുന്നതോ പകർത്തുന്നതോ അല്ലെങ്കിൽ പരിഷ്ക്കരണം, റിവേഴ്സ് എഞ്ചിനീയർ, റിവേഴ്സ് അസംബ്ൾ അല്ലെങ്കിൽ മറ്റുതരത്തിൽ ഏതെങ്കിലും സോഴ്സ് കോഡ് കണ്ടെത്താനുള്ള ശ്രമങ്ങളോ, സേവനങ്ങളിലുള്ള ഏതെങ്കിലും അവകാശം വിൽക്കുന്നതോ, അസൈൻ ചെയ്യുന്നതോ, സബ്ലൈസൻസ് നൽകുന്നതോ, ഒരു സുരക്ഷാ താല്പര്യം അനുവദിക്കുന്നതോ അല്ലെങ്കിൽ മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുന്നതോ ഉൾപ്പെടുന്നില്ല. താങ്കളുടെ ഭാഗത്തുനിന്നുള്ള ഏത് അനധികൃത ഉപയോഗവും താങ്കൾക്ക് നൽകിയ അനുമതിയോ ലൈസൻസോ അവസാനിപ്പിക്കുന്നതിന് ഇടയാക്കും.

വെബ്സൈറ്റ് ഉപയോഗിക്കുന്നതിലൂടെ ഇനിപ്പറയുന്ന കാര്യങ്ങൾ ചെയ്യുന്നതല്ല എന്ന് താങ്കൾ സമ്മതിക്കുന്നു: (i) ഏതെങ്കിലും വാണിജ്യ ആവശ്യത്തിനായി ഈ വെബ്സൈറ്റോ അതിന്റെ ഉള്ളടക്കമോ ഉപയോഗിക്കുക; (ii) ഊഹക്കച്ചവടമോ വ്യാജമോ വഞ്ചനാപരമോ ആയ ഇടപാട് അല്ലെങ്കിൽ ഡിമാൻഡ് പ്രതീക്ഷിച്ച് ഏതെങ്കിലും ഇടപാട് നടത്തുക; (iii) ഞങ്ങളുടെ പ്രകടമായ രേഖാമൂലമുള്ള അനുമതിയില്ലാതെ ഏതെങ്കിലും റോബോട്ട്, സ്പൈഡർ, സ്ക്രാപ്പർ, അല്ലെങ്കിൽ മറ്റ് ഓട്ടോമേറ്റഡ് മാർഗങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും സ്വമേധയാലുള്ള അല്ലെങ്കിൽ ഏതെങ്കിലും മാനുവൽ പ്രക്രിയ ഉപയോഗിച്ച് ഈ വെബ്സൈറ്റിലെ ഏതെങ്കിലും ഉള്ളടക്കമോ വിവരങ്ങളോ ആക്സസ് ചെയ്യുക, നിരീക്ഷിക്കുക അല്ലെങ്കിൽ പകർത്തുക; (iv) ഈ വെബ്സൈറ്റിലെ ഏതെങ്കിലും റോബോട്ട് ഒഴിവാക്കൽ ഹെഡറുകളിലെ നിയന്ത്രണങ്ങൾ ലംഘിക്കുകയോ അല്ലെങ്കിൽ ഈ വെബ്സൈറ്റിലേക്കുള്ള ആക്സസ് തടയുന്നതിനോ പരിമിതപ്പെടുത്തുന്നതിനോ ഉപയോഗിക്കുന്ന മറ്റ് നടപടികളെ മറികടക്കുകയോ നിയന്ത്രിക്കുകയോ തരണം ചെയ്യാൻ ശ്രമിക്കുകയോ ചെയ്യുക; (v) ഞങ്ങളുടെ ഇൻഫ്രാസ്ട്രക്ചറിൽ ഞങ്ങളുടെ വിവേചനപ്രകാരം യുക്തിരഹിതമായതോ ആനുപാതികമല്ലാത്തതോ ആയ വലിയ ഭാരം ചുമത്തുന്നതോ അല്ലെങ്കിൽ അടിച്ചേൽപ്പിച്ചേക്കാവുന്നതോ ആയ ഏതെങ്കിലും നടപടി സ്വീകരിക്കുക.; (vi) ഞങ്ങളുടെ പ്രകടമായ രേഖാമൂലമുള്ള അനുമതിയില്ലാതെ ഏത് ആവശ്യത്തിനും ഈ വെബ്സൈറ്റിന്റെ ഏതെങ്കിലും

ഭാഗത്തേക്ക് (ഏതെങ്കിലും സേവനത്തിനായുള്ള വാങ്ങൽ പാത ഉൾപ്പെടെയുള്ളതും എന്നാൽ അതിൽ മാത്രം പരിമിതപ്പെടാത്തതും) ഡീപ്-ലിങ്ക് ചെയ്യുക; അല്ലെങ്കിൽ (vii) ഞങ്ങളുടെ മുൻകൂർ രേഖാമൂലമുള്ള അനുമതിയില്ലാതെ ഈ വെബ്സൈറ്റിന്റെ ഏതെങ്കിലും ഭാഗം മറ്റേതെങ്കിലും വെബ്സൈറ്റിലേക്ക് "ഫ്രെയിം", "മിറർ" ചെയ്യുക അല്ലെങ്കിൽ മറ്റുവിധത്തിൽ സംയോജിപ്പിക്കുക.

**3. സ്വകാര്യതാ നയം**

-

വെബ്സൈറ്റ് ഉപയോഗിക്കുന്നതിലൂടെ, ഞങ്ങളുടെ സ്വകാര്യതാ നയത്തിൽ ഞങ്ങൾ വരച്ചുകാട്ടിയിരിക്കുന്നതുപോലെ താങ്കളുടെ വിവരങ്ങളുടെ ഉപയോഗത്തിന് താങ്കൾ ഇതിനാൽ സമ്മതം നൽകുന്നു. ഈ സ്വകാര്യതാ നയം താങ്കൾ വെബ്സൈറ്റ് ആക്സസ് ചെയ്യുമ്പോഴും മറ്റ് അനുബന്ധ സേവനങ്ങൾ ഉപയോഗിക്കുമ്പോഴും താങ്കളുടെ സ്വകാര്യ വിവരങ്ങൾ കമ്പനി എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് വിശദീകരിക്കുന്നു.

**4. താങ്കളുടെ രജിസ്ട്രേഷൻ/അക്കൗണ്ട്**

-

താങ്കൾ വെബ്സൈറ്റ് ഉപയോഗിക്കുന്നതും ഞങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതും കണക്കിലെടുത്ത്, താങ്കൾക്ക് ഒരു കരാർ ഉണ്ടാക്കാനുള്ള നിയമപരമായ പ്രായമുണ്ടെന്നും ഇന്ത്യയിലെയോ മറ്റ് ബാധകമായ അധികാരപരിധികളിലെയോ നിയമങ്ങൾക്ക് കീഴിൽ സേവനങ്ങൾ സ്വീകരിക്കുന്നതിൽ നിന്ന് വിലക്കപ്പെട്ട വ്യക്തിയല്ലെന്നും, വെബ്സൈറ്റ് താങ്കൾക്കും താങ്കൾക്ക് പ്രവർത്തിക്കാൻ നിയമപരമായി അധികാരമുള്ള മറ്റൊരാൾക്കും വേണ്ടി നിയമാനുസൃതമായ വാങ്ങലുകൾ നടത്തുന്നതിന് മാത്രമേ ഉപയോഗിക്കൂ എന്നും (കൂടാതെ താങ്കൾ ആരുടെ പേരിലാണോ വാങ്ങൽ നടത്തിയത് ആ വാങ്ങലിന് ബാധകമായ ടി.ഒ.യു. കൂടാതെ/അല്ലെങ്കിൽ സ്വകാര്യതാ നയത്തെ (അതിന് ബാധകമായ എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും ഉൾപ്പെടെ) കുറിച്ച് അറിയിക്കുകയും ചെയ്യും എന്ന് താങ്കൾ ബോധിപ്പിക്കുന്നു.

താങ്കളുടെ ലോഗിൻ ഐ.ഡി.യുമൊത്ത് സേവനം ആക്സസ് ചെയ്യാൻ താങ്കളെ അനുവദിക്കുന്ന താങ്കളുടെ പാസ്‌വേഡിന്റെ, (തിരഞ്ഞെടുത്ത സേവനത്തിന് അനുസൃതമായി ബാധകമാകുന്നത് പ്രകാരം) സഹിതം രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്നതിന് താങ്കൾ മാത്രമാണ് ഉത്തരവാദിയെന്ന് താങ്കൾ സമ്മതിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു. ആ ലോഗിൻ ഐ.ഡി.യും പാസ്‌വേഡും, അതോടൊപ്പം താങ്കൾ നൽകുന്ന ഏതെങ്കിലും മൊബൈൽ നമ്പറോ മറ്റ് സമ്പർക്ക വിവരങ്ങളോ ചേരുന്നതാണ് താങ്കളുടെ "രജിസ്ട്രേഷൻ വിവരം" താങ്കളുടെ ലോഗിൻ ഐ.ഡി.യുടെയും പാസ്‌വേഡിന്റെയും രഹസ്യാത്മകത നിലനിർത്തുന്നതിനും കമ്പ്യൂട്ടറിലേക്കുള്ള ആക്സസ് നിയന്ത്രിക്കുന്നതിനും താങ്കളാണ് ഉത്തരവാദിയെന്ന് താങ്കൾ സമ്മതിക്കുന്നു. താങ്കളുടെ അക്കൗണ്ട് അല്ലെങ്കിൽ പാസ്‌വേഡ് വഴി സംഭവിക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിന് താങ്കൾ സമ്മതിക്കുന്നു. ഇക്കാരണത്താൽ, ഓരോ സെഷന്റെയും അവസാനത്തിൽ താങ്കളുടെ അക്കൗണ്ടിൽ നിന്ന് താങ്കൾ പുറത്തുകടക്കണമെന്ന്/ ലോഗ്ഔട്ട് ചെയ്യണമെന്ന് ഞങ്ങൾ ശക്തമായി ശുപാർശ ചെയ്യുന്നു. താങ്കളുടെ അക്കൗണ്ടിന്റെ ഏതെങ്കിലും അനധികൃത ഉപയോഗത്തെക്കുറിച്ചോ മറ്റേതെങ്കിലും സുരക്ഷാ ലംഘനത്തെക്കുറിച്ചോ ഉടൻ തന്നെ കമ്പനിയെ അറിയിക്കാൻ താങ്കൾ സമ്മതിക്കുന്നു. കമ്പനിയുടെ മേൽ നേരിട്ട് ചുമത്താവുന്ന കാരണങ്ങളാൽ മാത്രമാണ് അനധികൃത ഉപയോഗമോ ആക്സസോ സംഭവിച്ചതെന്ന് തെളിയിക്കപ്പെടാത്തിടത്തോളം, ഒരു അനധികൃത ഉപയോഗത്തിനും ആക്സസിനും കമ്പനി ബാധ്യസ്ഥമായിരിക്കില്ലെന്ന് താങ്കൾ സമ്മതിക്കുന്നു.

താങ്കൾ താങ്കളെക്കുറിച്ചുള്ള സത്യവും കൃത്യവും നിലവിലുള്ളതും സമ്പൂർണ്ണവുമായ വിവരങ്ങൾ നൽകുകയും താങ്കളുടെ രജിസ്ട്രേഷൻ വിവരങ്ങളിൽ എന്തെങ്കിലും മാറ്റമുണ്ടായാൽ അത് ഉടനടി അറിയിക്കുകയും/അപ്ഡേറ്റ് ചെയ്യുകയും ചെയ്യുമെന്നും അത് എല്ലായ്പ്പോഴും കാലികവും കൃത്യവുമായി സൂക്ഷിക്കുകയും ചെയ്യുമെന്നും ഉറപ്പുനല്കുകയും വേണം, കാരണം അത് കമ്പനി നേരിട്ടോ കമ്പനി മുഖേനയോ ഉള്ള സേവനങ്ങളുടെയും അനുബന്ധ സേവനങ്ങളുടെയും മേൽ നേരിട്ട് സ്വാധീനം ചെലുത്തുന്നു. താങ്കളുടെ വ്യക്തിത്വത്തെ തെറ്റായി പ്രതിനിധീകരിക്കുകയോ അല്ലെങ്കിൽ വെബ്സൈറ്റിലേക്കോ സേവനങ്ങളുടെ ഉപയോഗത്തിലേക്കോ നിയമവിരുദ്ധമായ ഒരു പ്രവേശനവും നടത്താൻ ശ്രമിക്കുകയോ ചെയ്യില്ല

എന്നും താങ്കൾ സമ്മതിക്കുന്നു. താങ്കൾ തിരഞ്ഞെടുക്കുന്ന സേവനങ്ങളുടെ വാങ്ങലിന് അധിക നിബന്ധനകളും വ്യവസ്ഥകളും ബാധകമാകുന്നതാണ്. ദയവായി ഈ അധിക നിബന്ധനകളും വ്യവസ്ഥകളും ശ്രദ്ധാപൂർവ്വം വായിക്കുക.

**5. കസ്റ്റമർ ഡ്യൂ ഡിലിജൻസ് ആവശ്യകതകൾ-**

വെബ്സൈറ്റിലൂടെ ഏതെങ്കിലും സാമ്പത്തിക ഇടപാട് നടത്തുന്നതിന്, ഞങ്ങളുടെ കമ്പനി ക്ലയന്റ്/ കസ്റ്റമർ ഡ്യൂ ഡിലിജൻസ് നടപടികൾ സ്വീകരിച്ചേക്കാമെന്നും, വായ്പ/ക്രെഡിറ്റ് കാർഡ്/മ്യൂചൽ ഫണ്ട് കൂടാതെ ബാങ്ക്/ ധനകാര്യ സ്ഥാപനങ്ങളുമൊത്തുള്ള മറ്റ് ധനകാര്യ ഉല്പന്ന ആവശ്യകതകൾക്കുള്ള താങ്കളുടെ അഭ്യർത്ഥ കൈകാര്യം ചെയ്യുമ്പോൾ ഒരു ഉപഭോക്താവ് എന്ന നിലയിൽ താങ്കൾ നല്കാൻ ബാദ്ധ്യസ്ഥമായ കെ.വൈ.സി. ഉദ്ദേശ്യത്തിന് ആവശ്യമായ നിർബന്ധിത വിവരങ്ങൾ, ബാധകമായ കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമത്തിനും ("പിഎംഎൽഎ") നിയമങ്ങൾക്കും അനുസൃതമായി തേടുകയും ചെയ്യുമെന്നും താങ്കൾ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഓരോ പുതിയ ഉപഭോക്താവിന്റെയും/ഉപയോക്താവിന്റെയും തിരിച്ചറിയൽ ഞങ്ങളുടെ കമ്പനിക്ക് അല്ലെങ്കിൽ ബാങ്കുകൾക്ക്/സാമ്പത്തിക സ്ഥാപനങ്ങൾക്ക് തൃപ്തികരമായ വിധത്തിൽ സ്ഥാപിക്കുന്നതിനും താങ്കളും ബാങ്കും/ധനകാര്യ സ്ഥാപനവും തമ്മിലുള്ള ബന്ധത്തിന്റെ ഉദ്ധിഷ്ടമായ സ്വഭാവത്തിന്റെ ഉദ്ദേശ്യം കണ്ടെത്തുന്നതിനും ഞങ്ങളുടെ കമ്പനിക്ക് മതിയായ വിവരങ്ങൾ ലഭിച്ചേക്കാം. ബാധകമായ പി.എം.എൽ.എ. നിയമത്തിനും നിയമങ്ങൾക്കും കീഴിലുള്ള ആവശ്യകതകൾക്കും ബാധ്യതകൾക്കും അനുസൃതമായ ഡ്യൂ ഡിലിജൻസ് ആവശ്യകതകളുമായി ബന്ധപ്പെട്ട് സ്വയം തൃപ്തിപ്പെടുന്നതിന് മെച്ചപ്പെടുത്തിയ ഡ്യൂ ഡിലിജൻസ് (ഏതെങ്കിലും ഡോക്യുമെന്റേഷൻ ഉൾപ്പെടെ) ഏറ്റെടുക്കാൻ ഞങ്ങളുടെ കമ്പനിക്ക് കഴിയുമെന്ന് താങ്കൾ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

**6. അർഹത**

-

താങ്കൾ ഇന്ത്യയിലെ താമസക്കാരനാണെന്നും, 18 (പതിനെട്ട്) വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തിയാണെന്നും, കമ്പനി വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ

പ്രയോജനപ്പെടുത്തുമ്പോൾ, 1872-ലെ ഇന്ത്യൻ കരാർ നിയമം അനുസരിച്ച് വ്യക്തമാക്കിയിട്ടുള്ള കരാർ ചെയ്യാനുള്ള ശേഷിയുണ്ടെന്നും താങ്കൾ പ്രഖ്യാപിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു.

### 7. സമർപ്പിച്ച ഉള്ളടക്കം

-

ഏതു ഡാറ്റയും വിവരങ്ങളും ഉൾപ്പെടെ ഏത് ഉള്ളടക്കവും വെബ്സൈറ്റിൽ പങ്കിടുകയോ സമർപ്പിക്കുകയോ ചെയ്യുന്നതിലൂടെ, താങ്കൾ വെബ്സൈറ്റിൽ പോസ്റ്റുചെയ്യുന്ന എല്ലാ ഉള്ളടക്കത്തിനും താങ്കൾ മാത്രമാണ് ഉത്തരവാദിയെന്നും വെബ്സൈറ്റിലോ അതിലൂടെയോ താങ്കൾ ലഭ്യമാക്കുന്ന ഒരു ഉള്ളടക്കത്തിനും കമ്പനി ഉത്തരവാദിയായിരിക്കില്ലെന്നും താങ്കൾ സമ്മതിക്കുന്നു. കമ്പനിയുടെ സ്വന്തം വിവേചനത്തിൽ, സേവനത്തിലും അനുബന്ധ സേവനങ്ങളിലും അത്തരം ഉള്ളടക്കം (പൂർണ്ണമായോ ഭാഗികമായോ അല്ലെങ്കിൽ പരിഷ്കരിച്ച രൂപത്തിൽ) ഉൾപ്പെടുത്തിയേക്കാം. താങ്കൾ വെബ്സൈറ്റിൽ സമർപ്പിക്കുന്നതോ ലഭ്യമാക്കുന്നതോ ആയ അത്തരം ഉള്ളടക്കവുമായി ബന്ധപ്പെട്ട്, അത്തരം മെറ്റീരിയലുകൾ അല്ലെങ്കിൽ അത്തരം ഉള്ളടക്കത്തിന്റെ ഏത് ഭാഗവും ഉപയോഗിക്കാനും പകർത്താനും വിതരണം ചെയ്യാനും പൊതുവായി പ്രദർശിപ്പിക്കാനും പരിഷ്ക്കരിക്കാനും ഡെറിവേറ്റീവ് വർക്കുകൾ സൃഷ്ടിക്കാനും ഉപലൈസൻസ് നൽകാനുമുള്ള ശാശ്വതവും പിൻവലിക്കാനാവാത്തതും അവസാനിപ്പിക്കാനാവാത്തതും ലോകമെമ്പാടുമുള്ളതും റോയൽറ്റി രഹിതവും എക്സ്ക്ലൂസീവ് അല്ലാത്തതുമായ ലൈസൻസ് താങ്കൾ കമ്പനിക്ക് നൽകുകയാണ്. താങ്കൾ സമർപ്പിക്കുന്ന ഉള്ളടക്കത്തിന്റെ പൂർണ ഉത്തരവാദിത്തം താങ്കൾക്കാണെന്ന് താങ്കൾ സമ്മതിക്കുന്നു. ഈ വെബ്സൈറ്റിലേക്കോ അതിൽ നിന്നോ ഇവ പോസ്റ്റുചെയ്യുകയോ പ്രക്ഷേപണം ചെയ്യുകയോ ചെയ്യുന്നതിൽ നിന്ന് താങ്കളെ വിലക്കിയിരിക്കുന്നു: (i) നിയമവിരുദ്ധമോ, ഭീഷണിപ്പെടുത്തുന്നതോ, അപകീർത്തികരമോ, അപകീർത്തികരമോ, അസഭ്യമോ, അശ്ലീലമോ, അല്ലെങ്കിൽ പരസ്യത്തിന്റെയും കൂടാതെ/അല്ലെങ്കിൽ സ്വകാര്യതയുടെയും അവകാശങ്ങൾ ലംഘിക്കുന്നതോ ഏതെങ്കിലും നിയമം ലംഘിക്കുന്നതോ ആയ മറ്റ് മെറ്റീരിയലോ ഉള്ളടക്കമോ;(ii) ഏതെങ്കിലും വാണിജ്യ മെറ്റീരിയലുകൾ അല്ലെങ്കിൽ ഉള്ളടക്കം (ഫണ്ടുകളുടെ അഭ്യർത്ഥന, പരസ്യംചെയ്യൽ അല്ലെങ്കിൽ ഏതെങ്കിലും ചരക്കിന്റെയോ സേവനങ്ങളുടെയോ വിപണനം ഉൾപ്പെടെ,

എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ); കൂടാതെ (iii) ഏതെങ്കിലും മൂന്നാം കക്ഷിയുടെ ഏതെങ്കിലും പകർപ്പവകാശം, വ്യാപാരമുദ്ര, പേറ്റന്റ് അവകാശം അല്ലെങ്കിൽ മറ്റ് ഉടമസ്ഥാവകാശം എന്നിവ കയ്യേറുകയോ, കവർന്നെടുക്കുകയോ അല്ലെങ്കിൽ ലംഘിക്കുകയോ ചെയ്യുന്ന ഏത് മെറ്റീരിയലും അല്ലെങ്കിൽ ഉള്ളടക്കവും. മേൽപ്പറഞ്ഞ നിയന്ത്രണങ്ങളുടെ ഏത് ലംഘനത്തിന്റെയും ഫലമായുണ്ടാകുന്ന ഏത് നാശനഷ്ടങ്ങൾക്കും അല്ലെങ്കിൽ ഈ വെബ്സൈറ്റിലേക്ക് താങ്കൾ ഉള്ളടക്കം പോസ്റ്റുചെയ്യുന്നതിന്റെ ഫലമായുണ്ടാകുന്ന മറ്റേത് ദോഷങ്ങൾക്കും താങ്കൾ മാത്രമായിരിക്കും ഉത്തരവാദി.

**8. മൂന്നാം കക്ഷി ലിങ്കുകൾ/ഓഫറുകൾ**

-

ഈ വെബ്സൈറ്റ് മറ്റ് വെബ്സൈറ്റുകളിലേക്കോ ഉറവിടങ്ങളിലേക്കോ ഉള്ള ലിങ്കുകൾ നൽകിയേക്കാം. അത്തരം മൂന്നാം കക്ഷി വെബ്സൈറ്റുകളുടെയും ഉറവിടങ്ങളുടെയും മേൽ കമ്പനിക്ക് യാതൊരു നിയന്ത്രണവുമില്ലാത്തതിനാൽ, അത്തരം ബാഹ്യ സൈറ്റുകളുടെയോ ഉറവിടങ്ങളുടെയോ ലഭ്യതയ്ക്ക് കമ്പനി ഉത്തരവാദിയല്ലെന്നും അത്തരം സൈറ്റുകളിലോ ഉറവിടങ്ങളിലോ നിന്നോ അവയിലൂടെയോ ലഭ്യമാകുന്ന ഒരു ഉള്ളടക്കത്തിനും, പരസ്യത്തിനും, ഉൽപ്പന്നങ്ങൾക്കും മറ്റ് മെറ്റീരിയലുകൾക്കും കമ്പനി അംഗീകാരം നൽകുകയോ അവയ്ക്ക് ഉത്തരവാദിത്തമോ ബാധ്യതയോ വഹിക്കുന്നില്ലെന്നും താങ്കൾ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. അത്തരം സൈറ്റുകളിലോ ഉറവിടങ്ങളിലോ നിന്നോ അവയിലൂടെയോ ലഭ്യമാകുന്ന അത്തരത്തിലുള്ള ഏത് ഉള്ളടക്കം, ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങൾ എന്നിവ ഉപയോഗിക്കുന്നതിന്റെയോ അതിൽ ആശ്രയിക്കുന്നതിന്റെയോ ഫലമായി നേരിട്ടോ പരോക്ഷമായോ ഉളവാകുന്ന അല്ലെങ്കിൽ ഉളവായതായി ആരോപിക്കപ്പെടുന്നതോ ആയ ഏത് കോട്ടത്തിനും അല്ലെങ്കിൽ നഷ്ടങ്ങൾക്കും കമ്പനി ഉത്തരവാദിയോ ബാധ്യസ്ഥമോ ആയിരിക്കില്ലെന്ന് താങ്കൾ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. വെബ്സൈറ്റ് വഴി ആക്സസ് ചെയ്തിരിക്കുന്ന ഏതെങ്കിലും മൂന്നാം കക്ഷിയുമായുള്ള താങ്കളുടെ ഇടപെടൽ താങ്കളുടെ സ്വന്തം ഉത്തരവാദിത്തത്തിലായിരിക്കുന്നതും, അത്തരത്തിലുള്ള ഏത് മൂന്നാം കക്ഷികളുടെയും പ്രവൃത്തികൾ, ഒഴിവാക്കലുകൾ, പിശകുകൾ, ബോധിപ്പിക്കലുകൾ, വാറന്റികൾ, ലംഘനങ്ങൾ അല്ലെങ്കിൽ അശ്രദ്ധകൾ അല്ലെങ്കിൽ മൂന്നാം കക്ഷികളുമായുള്ള താങ്കളുടെ

ഇടപെടലിന്റെ ഫലമായുണ്ടാകുന്ന വ്യക്തിപരമായ പരിക്കുകൾ, മരണം, സ്വത്ത് നാശം, അല്ലെങ്കിൽ മറ്റ് നാശനഷ്ടങ്ങൾ അല്ലെങ്കിൽ ചെലവുകൾ എന്നിവയ്ക്കൊന്നും കമ്പനിക്ക് ഒരു ബാധ്യതയുമുണ്ടായിരിക്കുന്നതല്ല.

## 9. ഗ്രൂപ്പ് ഇൻഷുറൻസ് പോളിസി

-

കമ്പനി നൽകുന്ന സേവനങ്ങളുടെ ഭാഗമായി, വിവിധ ഇൻഷുറർമാരിൽ നിന്നുള്ള ഗ്രൂപ്പ് ഇൻഷുറൻസ് കവറേജുകൾ കമ്പനി താങ്കൾക്ക് വാഗ്ദാനം ചെയ്തേക്കാമെന്നും, ആയതിന് താങ്കൾ കമ്പനിയുടെ ഒരു ഉപഭോക്താവാണെങ്കിൽ പൈസബസാർ മാർക്കറ്റിംഗ് ആൻഡ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് മാസ്റ്റർ പോളിസി ഹോൾഡർ ("എം.പി.എച്ച്.") ആയിരിക്കുമെന്നും താങ്കൾ മനസ്സിലാക്കുന്നു. അത്തരം ഇൻഷുറൻസ് കവറേജ്, ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ ("ഐ.ആർ.ഡി.എ.ഐ") പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായുള്ള നിബന്ധനകൾ, വ്യവസ്ഥകൾ, ഒഴിവാക്കലുകൾ, പരിമിതികൾ എന്നിവയ്ക്ക് വിധേയമായിട്ടായിരിക്കുന്നതും അതനുസരിച്ച് നിയന്ത്രിക്കപ്പെടുന്നതുമാണ്.

## 10. വാറന്റിയുടെ ബാദ്ധ്യതാനിരാകരണം

-

വെബ്സൈറ്റിലുള്ളതോ അതിൽ നിന്ന് ആക്സസ് ചെയ്യാൻ കഴിയുന്നതോ ആയ സേവനങ്ങൾ, അനുബന്ധ സേവനങ്ങൾ, എല്ലാ വിവരങ്ങളും ഉൽപ്പന്നങ്ങളും മറ്റ് സേവനങ്ങളും മറ്റ് ഉള്ളടക്കങ്ങളും (മൂന്നാം കക്ഷികളുടേതുൾപ്പെടെ) എന്നിവയുടെ താങ്കളുടെ ഉപയോഗം താങ്കളുടെ മാത്രം ഉത്തരവാദിത്തത്തിലാണെന്ന് താങ്കൾ പ്രകടമായി മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. സേവനങ്ങളും അനുബന്ധ സേവനങ്ങളും പ്രദാനം ചെയ്യുന്നത് "ഉള്ളത് പോലെ", "ലഭ്യമായതു പോലെ" എന്നീ അടിസ്ഥാനത്തിലാണ്. വെബ്സൈറ്റിലുള്ള ഉള്ളടക്കത്തിന്റെ അല്ലെങ്കിൽ സേവനങ്ങളുടെ (മൂന്നാം കക്ഷി സേവന ദാതാക്കൾ സ്പോൺസർ ചെയ്താലും ഇല്ലെങ്കിലും) കൃത്യത, വിശ്വാസ്യത അല്ലെങ്കിൽ സമ്പൂർണ്ണത എന്നിവയെ കുറിച്ച് കമ്പനി പ്രകടമായതോ വിവക്ഷിതമായതോ ആയ യാതൊരു വിധ

ബോധിപ്പിക്കലുകളും, വാറന്റികളും അല്ലെങ്കിൽ ഗ്യാരന്റികളും നടത്തുന്നില്ല, കൂടാതെ ഒരു പ്രത്യേക ആവശ്യത്തിനായുള്ള ലംഘനമില്ലായ്മയുടെയോ ഫിറ്റ്നസ്സിന്റെയോ ഏത് വാറന്റികളുടെയും ബാദ്ധ്യത പ്രകടമായി നിരാകരിക്കുകയും ചെയ്യുന്നു.

സേവനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതോ അവയിൽ നിന്ന് ആക്സസ് ചെയ്യാൻ കഴിയുന്നതോ ആയ സേവനങ്ങൾ, അനുബന്ധ സേവനങ്ങൾ, എല്ലാ വിവരങ്ങളും ഉൽപ്പന്നങ്ങൾ സേവനങ്ങൾ മറ്റ് ഉള്ളടക്കങ്ങൾ (മൂന്നാം കക്ഷികളുടേതുൾപ്പെടെ) എന്നിവയുടെ എതു തരത്തിലുള്ളതുമായ, പ്രകടമായതോ വിവക്ഷിതമോ ആയതും, എല്ലാ വാറന്റികളും, കമ്പനി വ്യക്തമായി നിരാകരിക്കുന്നു. വ്യാപാരക്ഷമത, ഒരു പ്രത്യേക ആവശ്യത്തിനും ലംഘനമില്ലായ്മയ്ക്കുമുള്ള ഫിറ്റ്നസ്സ് എന്നിവയ്ക്കുള്ള വംഗ്യമായ വാറന്റികൾ ഉൾപ്പെടെയുള്ളതും എന്നാൽ അവയിൽ മാത്രം പരിമിതപ്പെടാത്തതുമായ എല്ലാ വാറന്റികളുടെയും ബാദ്ധ്യത കമ്പനി പ്രകടമായി നിരാകരിക്കുന്നു.

കമ്പനിയും അതിന്റെ സേവന ദാതാക്കളും അഫിലിയേറ്റുകളും ബിസിനസ് പങ്കാളികളും (i) സേവനങ്ങൾ താങ്കളുടെ ആവശ്യകതകൾ നിറവേറ്റും, (ii) സേവനങ്ങൾ തടസ്സമില്ലാത്തതും സമയബന്ധിതവും സുരക്ഷിതവും അല്ലെങ്കിൽ പിശക് രഹിതവുമായിരിക്കും, (iii) സേവനങ്ങളുടെ ഉപയോഗത്തിൽ നിന്ന് ഉളവായേക്കാവുന്ന ഫലങ്ങൾ കൃത്യവും വിശ്വസനീയവും ആയിരിക്കും, (iv) താങ്കൾ വാങ്ങിയതോ നേടിയതോ ആയ ഏത് ഉൽപ്പന്നങ്ങളുടെ, സേവനങ്ങളുടെ, വിവരങ്ങളുടെ അല്ലെങ്കിൽ മറ്റ് മെറ്റീരിയലുകളുടെ ഗുണനിലവാരം താങ്കളുടെ പ്രതീക്ഷകൾ നിറവേറ്റും, കൂടാതെ (v) സാങ്കേതികവിദ്യയിലെ ഏത് പിശകുകളും ശരിയാക്കും എന്നീ കാര്യങ്ങളിൽ ഒരു വാറന്റിയും നടത്തുന്നില്ല.

ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമായ ഉൽപ്പന്നങ്ങളുടെ വിലകൾ റഫറൻസ് മുഖേനയാണ് ഈ ടി.ഒ.യു.-കളിൽ സംയോജിപ്പിച്ചിരിക്കുന്നു. പ്രത്യേകിച്ച് എടുത്തുപറഞ്ഞാലും ഇല്ലെങ്കിലും എല്ലാ വിലകളും ഇന്ത്യൻ രൂപയിലാണ്. വിലകളും ഉൽപ്പന്നങ്ങളും സേവനങ്ങളും വാഗ്ദാനം ചെയ്യുന്നത് കമ്പനിയുടെ ബിസിനസ് പങ്കാളികളാണ്, പൈസബസാറിന്റെ ഓരോ ബിസിനസ് പങ്കാളികൾക്കും ബാധകമായ ബ്രാൻഡ് മാർഗ്ഗനിർദ്ദേശങ്ങൾക്കോ മറ്റ് നിബന്ധനകൾക്കോ വ്യവസ്ഥകൾക്കോ അനുസൃതമായി അവ

വ്യത്യാസപ്പെട്ടേക്കാം. ചില സാഹചര്യങ്ങളിൽ സേവനങ്ങളും വിലകളും കമ്പനി തന്നെയാവും വാഗ്ദാനം ചെയ്യുന്നത്, അത്തരം സേവനങ്ങളുടെ ഉപയോഗവും വിലയും പരിഷ്കരിക്കാനുള്ള അവകാശം അതിൽ നിക്ഷിപ്തമാണ്. ഒരു ഇടപാടിന് തുടക്കം കുറിക്കുന്നതിലൂടെ, ബാധകമായ നിയമങ്ങൾ പ്രകാരം അനുവദനീയമായതും കമ്പനിക്ക് സ്വീകാര്യമായതുമായ പേയ്മെന്റ് സൗകര്യങ്ങൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനായി അല്ലെങ്കിൽ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി, കമ്പനിയുടെ ഈ ബിസിനസ്സ് പങ്കാളികളുമായി, താങ്കൾ നിയമപരമായി നിറവേറ്റേണ്ടതും നടപ്പിലാക്കാനാവുന്നതുമായ ഒരു കരാറിൽ ഏർപ്പെടുകയാണെന്ന് താങ്കൾ ഉറപ്പുനല്കുകയാണ്.

കമ്പനി യാതൊരു രജിസ്ട്രേഷൻ/അംഗത്വ അല്ലെങ്കിൽ ബ്രൗസിംഗ് ഫീസും ഈടാക്കുന്നില്ല. എന്നിരുന്നാലും, എപ്പോൾ വേണമെങ്കിലും ഏത് രജിസ്ട്രേഷൻ/അംഗത്വ അല്ലെങ്കിൽ ബ്രൗസിംഗ് ഫീസും ഈടാക്കാനുള്ള സമ്പൂർണ്ണ അവകാശം കമ്പനിയിൽ നിക്ഷിപ്തമാണ്. കമ്പനി ഈടാക്കിയേക്കാവുന്ന അത്തരത്തിലുള്ള എല്ലാ ഫീസും ഉപയോക്താക്കളെ അറിയിക്കുകയും, അത്തരം മാറ്റം വെബ്സൈറ്റിൽ പോസ്റ്റ് ചെയ്ത ഉടൻ തന്നെ സ്വമേധയാ പ്രാബല്യത്തിൽ വരികയും ചെയ്യും. കമ്പനി ഈടാക്കുന്ന അത്തരത്തിലുള്ള എല്ലാ ഫീസും ഇന്ത്യൻ രൂപയിലായിരിക്കും. കമ്പനിയെ താങ്കൾ തുടർച്ചയായി ഉപയോഗിക്കുന്നത് ടി.ഒ.യു-യുടെ ഭേദഗതി ചെയ്ത നിബന്ധനകളുടെ സ്വീകരിക്കലായി കണക്കാക്കുന്നതാണ്.

ശേഖരണം, റീഫണ്ട്, പണമടയ്ക്കൽ എന്നിവയ്ക്കായും, താങ്കൾക്കും, സാഹചര്യം പോലെ പൈസാബസാറിനും അതിന്റെ ബിസിനസ്സ് പങ്കാളികൾക്കും ഇടയിലുള്ള പേയ്മെന്റിന് സൗകര്യമൊരുക്കുന്നതിനായും, ഭാരതീയ റിസർവ് ബാങ്ക് അധികാരപ്പെടുത്തിയിട്ടുള്ള മൂന്നാം കക്ഷി പേയ്മെന്റ് ഗേറ്റ്‌വേ അഗ്രഗേറ്റർമാരുമായും ധനകാര്യ സ്ഥാപനങ്ങളുമായും കമ്പനി കരാറിൽ ഏർപ്പെട്ടേക്കാം. താങ്കൾ നടത്തിയ പേയ്മെന്റുകളുടെ റെമിറ്റൻസിന് കമ്പനി തുടക്കം കുറിക്കുന്നതും, ഇടപാട് പൂർത്തിയാക്കുന്ന തീയതി ഉൽപ്പന്നങ്ങൾ താങ്കൾക്ക് ഡെലിവർ ചെയ്തതിന് ശേഷവും അല്ലെങ്കിൽ സേവനങ്ങൾ താങ്കൾക്ക് നൽകിയതിന് ശേഷവും, സാഹചര്യം പോലെ,

വെബ്സൈറ്റും അതിന്റെ ബിസിനസ്സ് പങ്കാളികളും തമ്മിൽ സമ്മതിച്ചേക്കാവുന്ന മറ്റ് അധിക സമയവും ആയിരിക്കും.

വെബ്സൈറ്റിൽ ലഭ്യമായ ഏതെങ്കിലും പേയ്മെന്റ് രീതി/കൾ ഉപയോഗിക്കുമ്പോൾ, ചുവടെപറയുന്ന കാരണങ്ങളാൽ താങ്കൾക്ക് നേരിട്ടോ പരോക്ഷമായോ ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടമോ നാശനഷ്ടമോ സംബന്ധിച്ച് കമ്പനി ഉത്തരവാദിയായിരിക്കുകയോ ബാധ്യത വഹിക്കുകയോ ചെയ്യുന്നതല്ല:

- ഏതെങ്കിലും ഇടപാടിനുള്ള/ടുകൾക്കുള്ള അധികാരപ്പെടുത്തലിന്റെ അഭാവം, അല്ലെങ്കിൽ
- ഇടപാടിൽ നിന്ന് ഉളവാകുന്ന ഏതെങ്കിലും പേയ്മെന്റ് പ്രശ്നങ്ങൾ, അല്ലെങ്കിൽ
- താങ്കൾ ഉപയോഗിക്കുന്ന പേയ്മെന്റ് രീതികളുടെ നിയമവിരുദ്ധത (ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് തട്ടിപ്പുകൾ മുതലായവ);
- മറ്റേതെങ്കിലും കാരണത്താ(ങ്ങളാ)ൽ ഇടപാട് നിരസിക്കൽ

ഇതിൽ അടങ്ങിയിരിക്കുന്നത് എന്തുതന്നെയായാലും, വെബ്സൈറ്റിന് താങ്കളുടെയോ താങ്കളുടെ ഇടപാടിന്റെയോ ക്രെഡിറ്റബിലിറ്റിയിൽ തൃപ്തിയില്ലെങ്കിൽ സുരക്ഷയ്ക്കായോ മറ്റ് കാരണങ്ങളാലോ അധിക പരിശോധന നടത്താനുള്ള അവകാശം വെബ്സൈറ്റിൽ നിക്ഷിപ്തമാണ്.

വെബ്സൈറ്റ് നൽകുന്ന പേയ്മെന്റ് സൗകര്യങ്ങളുടെ ഉപയോഗം വെബ്സൈറ്റിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന ഉൽപ്പന്നങ്ങളോ സേവനങ്ങളോ സംബന്ധിച്ച ഡെലിവറി ചെയ്യാതിരിക്കൽ, രസീത് നൽകാതിരിക്കൽ, പണമടയ്ക്കാതിരിക്കൽ, കേടുപാടുകൾ, ബോധിപ്പിക്കലുകളുടെയും വാറന്റികളുടെയും ലംഘനം, വിൽപ്പനാനന്തര അല്ലെങ്കിൽ വാറന്റി സേവനങ്ങൾ നൽകാതിരിക്കൽ അല്ലെങ്കിൽ വഞ്ചന എന്നിവയ്ക്ക് വെബ്സൈറ്റിന് ബാധ്യതയോ ഉത്തരവാദിത്തമോ വരുത്തുന്നില്ല. ഒരു ഇടപാട് പ്രോസസ്സ് ചെയ്യാത്തതിനാൽ ഉണ്ടാകുന്ന ഏതെങ്കിലും നാശനഷ്ടങ്ങൾക്കും താൽപ്പര്യങ്ങൾക്കും ക്ലെയിമുകൾക്കും വെബ്സൈറ്റ് ഉത്തരവാദിയായിരിക്കില്ല.

വെബ്സൈറ്റിലോ അതിലൂടെയോ ഏതെങ്കിലും സേവനമോ ഉൽപ്പന്നമോ വാങ്ങുന്നതിനുള്ള ക്രെഡിറ്റ്/ഡെബിറ്റ് വിവരങ്ങൾ പോലുള്ള കൃത്യമായ

വിവരങ്ങൾ നൽകാൻ താങ്കൾ ഇതിനാൽ സമ്മതിക്കുന്നു. നിയമപരമായി താങ്കളുടെ ഉടമസ്ഥതയിലുള്ളതല്ലാത്ത പേയ്മെന്റ് വിവരങ്ങളോ ഉപകരണമോ താങ്കൾ ഉപയോഗിക്കുന്നതല്ല എന്ന് താങ്കൾ കൂടുതലായി വാറണ്ട് ചെയ്യുന്നു. ഈ ടി.ഒ.യു.-കൾക്ക് പുറമേ, ബാങ്കിന്റെയോ മറ്റ് ധനകാര്യ സ്ഥാപനത്തിന്റെയോ നിബന്ധനകളും വ്യവസ്ഥകളും ഓരോ ഉപയോക്താവിനും ബാധകമായിരിക്കും. അത്തരം ബാങ്കോ ധനകാര്യ സ്ഥാപനമോ പേയ്മെന്റ് നിരസിക്കുന്നതിനാൽ ഉണ്ടാകുന്ന ഏത് ബാധ്യതയും വെബ്സൈറ്റ് നിരാകരിക്കുന്നു.

പൈസബസാർ അതിന്റെ സ്വന്തം വിവേചനത്തിൽ ഒരു സാമ്പത്തിക ഉപകരണം കൈവശമുള്ള ഒരു വ്യക്തി ഉൽപ്പന്നങ്ങൾക്കോ സേവനങ്ങൾക്കോ ഉള്ള പേയ്മെന്റ് നടത്താനായി ഉപയോഗിക്കാവുന്ന ഇടപാടുകളുടെ എണ്ണത്തിൽ പരിധികൾ ഏർപ്പെടുത്തിയേക്കാം. കൂടാതെ, അത്തരം പരിധിയെ അധികരിക്കുന്ന ഇടപാടുകളും സംശയാസ്പദമായ ചാർജുകളും തുകകളും വരുത്തിയ താങ്കളുടെ ഇടപാടുകളും പ്രോസസ് ചെയ്യാൻ വിസമ്മതിക്കുന്നതിനുള്ള അവകാശം വെബ്സൈറ്റിൽ നിക്ഷിപ്തമാണ്.

ഉപയോക്താവ് വെബ്സൈറ്റിൽ വാങ്ങുന്ന ഉൽപ്പന്നങ്ങളുടെ പേയ്മെന്റിനായി, നിലവിലുള്ള അംഗീകൃത ബാങ്കിംഗ് ഇൻഫ്രാസ്ട്രക്ചർ, ക്രെഡിറ്റ് കാർഡ് പേയ്മെന്റ് ഗേറ്റ്‌വേ നെറ്റ്‌വർക്കുകൾ (ഒന്നുകിൽ വെബ്സൈറ്റിന്റെ അല്ലെങ്കിൽ സേവന ദാതാക്കളുടെ) എന്നിവ ഉപയോഗിച്ച് ഓട്ടോമേറ്റഡ് ഓൺലൈൻ ഇലക്ട്രോണിക് പേയ്മെന്റുകൾ (ഒന്നുകിൽ സ്വയമായി അല്ലെങ്കിൽ അതി ന്റെ പേയ്മെന്റ് ഗേറ്റ്‌വേ സേവന ദാതാക്കൾ വഴി), ക്യാഷ് ഓൺ ഡെലിവറി, കളക്ഷൻ, റെമിറ്റൻസ് സൗകര്യം എന്നിവയിലൂടെ താങ്കൾക്ക് പേയ്മെന്റ് ചാനലുകൾ നൽകുന്നതിനുള്ള ഒരു ഫെസിലിറ്റേറ്റർ മാത്രമാണ് പൈസബസാർ.

ഉൽപ്പന്നങ്ങളോ സേവനങ്ങളോ വിതരണം ചെയ്യുന്നതിൽ പരാജയം അല്ലെങ്കിൽ കാലതാമസം ഉണ്ടാവുകയാണെങ്കിൽ, അത്തരം കാലതാമസം മൂലം താങ്കൾക്കുണ്ടാകാവുന്ന ഏതു ഹാനിക്കും അല്ലെങ്കിൽ നഷ്ടത്തിനും ഉൾപ്പെടെ, അക്കാര്യത്തിൽ പൈസാബസാറിനെ ഉത്തരവാദിയാക്കാനാവുന്നതല്ല. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ അതിർത്തികൾക്ക് പുറത്ത് ഉൽപന്നങ്ങളുടെ/സേവനങ്ങളുടെ ഒരു ഡെലിവറിയും നടത്താൻ പാടില്ല.

**11. ബാധ്യതയുടെ പരിമിതി**

-

(i) ഏതെങ്കിലും പരാജയമോ കാലതാമസമോ (വെബ്സൈറ്റിന്റെ ഏതെങ്കിലും ഘടകത്തിന്റെ ഉപയോഗം അല്ലെങ്കിൽ ഉപയോഗിക്കാനുള്ള കഴിവില്ലായ്മ ഉൾപ്പെടെയുള്ളതും എന്നാൽ അതിൽ മാത്രം പരിമിതപ്പെട്ടിട്ടില്ലാത്തതും), അല്ലെങ്കിൽ, (ii) വെബ്സൈറ്റിന്റെയോ ഉള്ളടക്കത്തിന്റെയോ ഏതെങ്കിലും ഉപയോഗം, അല്ലെങ്കിൽ , (iii) ഞങ്ങളുടെ അല്ലെങ്കിൽ ഏതെങ്കിലും ദാതാവിന്റെ നടപടി അല്ലെങ്കിൽ നടപടിയില്ലായ്മ, അത്തരം കക്ഷികൾക്കോ മറ്റേതെങ്കിലും കക്ഷിക്കോ നാശനഷ്ടങ്ങൾ ഉണ്ടാകാനുള്ള സാധ്യതയെക്കുറിച്ച് ഞങ്ങൾ ഉപദേശിച്ചിട്ടുണ്ടെങ്കിൽ പോലും, അല്ലെങ്കിൽ (ബി) വെബ്സൈറ്റിലേക്കുള്ള താങ്കളുടെ ആക്സസ് അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്ന് ഏതെങ്കിലും ഉള്ളടക്കം ഡൗൺലോഡ് ചെയ്യുന്നതിന്റെ ഫലമായി താങ്കളുടെ കമ്പ്യൂട്ടർ ഉപകരണങ്ങളെയോ മറ്റ് വസ്തുവകകളെയോ ബാധിച്ചേക്കാവുന്ന ഏതെങ്കിലും നാശനഷ്ടങ്ങൾ അല്ലെങ്കിൽ വൈറസുകൾ എന്നിവ മൂലമുണ്ടാകുന്ന ലാഭം, അവസരം, സൽപേര്, ഉപയോഗം, ഡാറ്റ എന്നിവയുടെ നഷ്ടം അല്ലെങ്കിൽ മറ്റ് അദൃശ്യമായ നഷ്ടങ്ങൾ എന്നിവയ്ക്കുള്ള നഷ്ടപരിഹരം ഉൾപ്പെടെയുള്ളതും എന്നാൽ അതിൽ മാത്രം പരിമിതപ്പെടാത്തതുമായ നേരിട്ടുള്ളതോ, പരോക്ഷമായതോ, ആകസ്മികമായതോ, പ്രത്യേകമായതോ, അനന്തരഫലമോ, മാതൃകാപരമായതോ ആയ ഒരു നഷ്ടപരിഹാരത്തിനും, അത്തരം നഷ്ടപരിഹാരത്തിനുള്ള സാധ്യതയെക്കുറിച്ച് കമ്പനിയെ ഉപദേശിച്ചിട്ടുണ്ടെങ്കിൽ പോലും, കമ്പനിക്ക് (അതിന്റെ അനുബന്ധ സ്ഥാപനങ്ങൾ, അഫിലിയേറ്റുകൾ, ഡയറക്ടർമാർ, ഓഫീസർമാർ, ജീവനക്കാർ, പ്രതിനിധികൾ, ദാതാക്കൾ എന്നിവരുൾപ്പെടെ) ബാധ്യതയുണ്ടായിരിക്കുന്നതല്ലെന്ന് താങ്കൾ വ്യക്തമായി മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

മുകളിൽ പറഞ്ഞിരിക്കുന്നത് എന്തുതന്നെയായാലും, മുകളിൽ വിവരിച്ച ഏതെങ്കിലും സംഭവങ്ങളിൽ നിന്ന് ഉളവാകുന്നതോ അവയുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നതോ ആയ തെളിയിക്കപ്പെട്ടതും യഥാർത്ഥവുമായ നഷ്ടത്തിനോ നാശത്തിനോ കമ്പനി ബാധ്യസ്ഥമാണെന്ന് കണ്ടെത്തിയാൽ, കമ്പനിയുടെ ബാധ്യത ഈ വെബ്സൈറ്റിലെ അത്തരം

ഇടപാടുകൾ(കൾ)/ സേവനങ്ങളുമായി ബന്ധപ്പെട്ട്, ബാധകമെങ്കിൽ, താങ്കൾ കമ്പനിക്ക് അടച്ച ഏതെങ്കിലും സേവന/ഇടപാട് ഫീസിൽ, മൊത്തത്തിൽ, പരിമിതപ്പെട്ടിരിക്കുന്നതായി താങ്കൾ സമ്മതിക്കുന്നു.

കമ്പനിയുടെ വെബ്സൈറ്റിലൂടെ താങ്കൾക്ക് ലഭ്യമാക്കുന്ന മൂന്നാം കക്ഷി വെബ്സൈറ്റുകളിന്മേൽ കമ്പനിക്ക് ഒരു നിയന്ത്രണവുമില്ല. ഏതെങ്കിലും മൂന്നാം കക്ഷി സേവന ദാതാവ് വാഗ്ദാനം ചെയ്യുന്നതോ നൽകുന്നതോ ആയ സേവനങ്ങൾ താങ്കൾ ഉപയോഗിക്കുന്നതിന് ഒരു സാഹചര്യത്തിലും കമ്പനി ബാധ്യസ്ഥരായിരിക്കില്ലെന്ന് താങ്കൾ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.

**12. നഷ്ടപരിഹാരം**

-

താങ്കളുടെ ഭാഗത്തുന്നിള്ള ഈ ടി.ഒ.യു. പാലിക്കാതിരിക്കൽ, താങ്കളുടെ ഭാഗത്തുന്നിള്ള ഏതെങ്കിലും നിയമത്തിന്റെയോ ഒരു മൂന്നാം കക്ഷിയുടെ അവകാശങ്ങളുടെയോ ലംഘനം, അല്ലെങ്കിൽ താങ്കളുടെ വെബ്സൈറ്റ് ഉപയോഗം എന്നിവയിൽ നിന്ന് ഉരുത്തിരിയുന്നതോ അവയുമായി ബന്ധപ്പെട്ടതോ ആയ ഏത് ക്ലെയിമുകൾ, വ്യവഹാര കാരണങ്ങൾ, ഡിമാന്റുകൾ, റിക്കവറികൾ, നഷ്ടങ്ങൾ, നാശനഷ്ടങ്ങൾ, പിഴകൾ, പെനാൽറ്റികൾ, മറ്റ് വിലകൾ അല്ലെങ്കിൽ ന്യായമായ അറ്റോർണി ഫീസ് ഉൾപ്പെടെയുള്ള ഏതു തരത്തിലുമുള്ള മറ്റ് ചിലവുകൾ എന്നിവയിൽ നിന്ന് കമ്പനിയെ (കൂടാതെ അതിന്റെ അഫിലിയേറ്റുകൾ, ഓഫീസർമാർ, ഡയറക്ടർമാർ, ഏജന്റുമാർ, ജീവനക്കാർ എന്നിവരെയും) ഹാനിരഹിതമായി നിലനിർത്താമെന്ന് താങ്കൾ സമ്മതിക്കുന്നു.

താങ്കൾ കമ്പനി, അതിന്റെ ഉദ്യോഗസ്ഥർ, ഡയറക്ടർമാർ, ജീവനക്കാർ, ഏജന്റുമാർ, ലൈസൻസികൾ, അഫിലിയേറ്റുകൾ, പിൻഗാമികൾ, അസൈനുകൾ എന്നിവയ്ക്കെതിരെ വ്യവഹാരം നടത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ഡിമാൻഡ് അല്ലെങ്കിൽ ക്ലെയിം സമർപ്പിക്കുകയോ അവതരിപ്പിക്കുകയോ ചെയ്യാതിരിക്കുകയും, അറിവുള്ളതോ അറിവില്ലാത്തതോ ആയ നിയമത്തിലോ ഇക്വിറ്റിയിലോ, സേവനങ്ങളുമായി ബന്ധപ്പെട്ട റിലീസിന് എതിരായി താങ്കൾക്ക് എപ്പോഴെങ്കിലും

ഉണ്ടായിട്ടുള്ളതോ, ഇപ്പോഴുള്ളതോ, ഭാവിയിലുണ്ടാകാവുന്നതോ ആയ എല്ലാ തരത്തിലുമുള്ള ബാധ്യതകൾ, ക്ലെയിമുകൾ, ഡിമാൻഡുകൾ, നഷ്ടങ്ങൾ, സ്യൂട്ടുകൾ, വിലകൾ, ചെലവുകൾ (കോടതി ചെലവുകളും ന്യായമായ അറ്റോർണി ഫീസും ഉൾപ്പെടെ) എന്നിവയിൽ ("നഷ്ടങ്ങൾ") നിന്നും അവരെ കൂട്ടായും ഒറ്റയ്ക്കും (ഇനിമുതൽ ഇതിൽ "റിലീസ്") പിൻവലിക്കാനാവാത്ത വിധത്തിലും, നിരുപാധികമായും, പൂർണ്ണമായും, വിടുതൽ ചെയ്യുകയും, പരിത്യജിക്കുകയും എന്നെന്നേക്കുമായി ഡിസ്ചാർജ് ചെയ്യുകയും ചെയ്യുന്നു. ഈ അധികാരപ്പെടുത്തലിൽ നിന്നും അതുമായി ബന്ധപ്പെട്ടും മൂന്നാം കക്ഷികൾ കമ്പനിക്കെതിരെ ഉയർത്തുന്ന ക്ലെയിമുകളുടെ ഫലമായുണ്ടാകുന്ന ഏത് അല്ലെങ്കിൽ എല്ലാ നഷ്ടങ്ങളിൽ നിന്നും അവയ്ക്കെതിരെയും റിലീസിനെ പ്രതിരോധിക്കാനും നഷ്ടപരിഹാരം നൽകാനും ഹാനിരഹിതമാക്കാനും താങ്കൾ സമ്മതിക്കുന്നു.

**13. അധിക നിബന്ധനകളും വ്യവസ്ഥകളും**

-

നിയമത്തിലോ ചട്ടത്തിലോ ഉള്ള മാറ്റങ്ങൾ അനുവർത്തിക്കുന്നതിനോ, കൃത്യതയില്ലായ്മകൾ, വിട്ടുപോകലുകൾ, പിശകുകൾ, അവ്യക്തതകൾ എന്നിവ തിരുത്തുന്നതിനോ, സേവനങ്ങളുടെയും അനുബന്ധ സേവനങ്ങളുടെയും പ്രക്രിയയുടെ ഒഴുക്ക്, വ്യാപ്തി, സ്വഭാവം, കമ്പനി പുനഃസംഘടിപ്പിക്കൽ, വിപണി സമ്പ്രദായം അല്ലെങ്കിൽ ഉപഭോക്തൃ ആവശ്യങ്ങൾ എന്നിവയിലെ മാറ്റങ്ങൾ പ്രതിഫലിപ്പിക്കുന്നതിനോ ഉൾപ്പെടെയുള്ള എന്നാൽ അവയിൽ മാത്രം പരിമിതപ്പെടാത്തതുമായ കാരണങ്ങളാൽ വെബ്സൈറ്റ്, അനുബന്ധ നയങ്ങൾ, കരാറുകൾ, ഈ ടി.ഒ.യു., സ്വകാര്യതാ നയം എന്നിവയിൽ ഉചിതമെന്ന് തോന്നുന്ന ഏത് സമയത്തും മാറ്റങ്ങൾ വരുത്താനുള്ള അവകാശം കമ്പനിയിൽ നിക്ഷിപ്തമാണ്. എന്തെങ്കിലും മാറ്റമുണ്ടായാൽ, വെബ്സൈറ്റിലോ മറ്റ് മാർഗങ്ങളിലൂടെയോ അപ്ഡേറ്റ് ചെയ്ത നിബന്ധനകൾ കമ്പനി അറിയിക്കും. സേവനങ്ങളുടെയും അനുബന്ധ സേവനങ്ങളുടെയും താങ്കളുടെ തുടർച്ചയായ ഉപയോഗം, മാറ്റങ്ങളുടെ അംഗീകാരമായും ഭേദഗതി ചെയ്ത പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമാകുന്നതാണെന്ന ഒരു കരാറായും വർത്തിക്കുന്നു. മാറ്റങ്ങൾ താങ്കൾ അംഗീകരിക്കുന്നില്ലെങ്കിൽ,

സേവനങ്ങളുടെയും അനുബന്ധ സേവനങ്ങളുടെയും ഉപയോഗം താങ്കൾക്ക് അവസാനിപ്പിക്കാവുന്നതാണ്.

സേവനങ്ങളുടെ കൂടാതെ/അല്ലെങ്കിൽ വെബ്സൈറ്റിന്റെ ചില സവിശേഷതകൾ/ഉള്ളടക്കങ്ങൾ മാറ്റുന്നതിനു മാത്രമായോ സേവനങ്ങളുടെ സുരക്ഷയും സമഗ്രതയും നിലനിർത്തുന്നതിനു വേണ്ടിയോ അല്ലെന്നുവരികിൽ, അനുബന്ധ സേവനങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങൾ മികച്ച പ്രയത്നത്തിന്റെ അടിസ്ഥാനത്തിൽ, ന്യായമായ സമയപരിധി അറിയിപ്പ് നൽകിക്കൊണ്ട്, താൽക്കാലികമായോ ശാശ്വതമായോ നിർത്താനോ സസ്പെൻഡ് ചെയ്യാനോ ഉള്ള അവകാശം കമ്പനിയിൽ നിക്ഷിപ്തമാണ്. സേവനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനോ നിർത്തലാക്കുന്നതിനോ കമ്പനി ഒരു തരത്തിലും താങ്കളോട് ബാധ്യസ്ഥമായിരിക്കില്ലെന്ന് താങ്കൾ സമ്മതിക്കുന്നു.

നിയമവിരുദ്ധമായ ഉദ്ദേശ്യങ്ങൾക്കായോ, നിയമവിരുദ്ധമായതോ ഉപദ്രവിക്കുന്നതോ, അപകീർത്തികരമായതോ (സത്യവിരുദ്ധവും മറ്റുള്ളവർക്ക് ദോഷം ചെയ്യുന്നതും), മറ്റൊരാളുടെ സ്വകാര്യതയിലേക്ക് കടന്നുകയറുന്നതോ, ദുരുപയോഗം ചെയ്യുന്നതോ, ഭീഷണിപ്പെടുത്തുന്നതോ, അശ്ലീലമായതോ, അല്ലെങ്കിൽ മറ്റുള്ളവരുടെ അവകാശങ്ങളിലേക്ക് കടന്നുകയറുന്നതോ ആയ വസ്തുക്കൾ കൈമാറുന്നതിനായോ സേവനങ്ങളും അനുബന്ധ സേവനങ്ങളും ഉപയോഗിക്കുന്നതല്ല എന്ന് താങ്കൾ സമ്മതിക്കുന്നു.

കമ്പനി, കാലാകാലങ്ങളിൽ, അതിന്റെ വെബ്സൈറ്റ് കൂടാതെ/അല്ലെങ്കിൽ സേവനങ്ങൾ/ അനുബന്ധ സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചില ഓഫറുകൾ ("പ്രൊമോഷണൽ ഓഫർ/കൾ") പ്രഖ്യാപിച്ചേക്കാം. ഈ ടി.ഒ.യും ഒപ്പം ചില അധിക നിബന്ധനകളും വ്യവസ്ഥകളുമാണ്, നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ, പ്രൊമോഷണൽ ഓഫർ(കൾ) എല്ലായ്പ്പോഴും നിയന്ത്രിക്കുന്നത്, പ്രസ്തുത അധിക നിബന്ധനകളും വ്യവസ്ഥകളും, നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ, ബന്ധപ്പെട്ട പ്രൊമോഷണൽ ഓഫറിന് മാത്രമായിരിക്കുന്നതും, കൂടാതെ ഈ നിബന്ധനകളുമായി പൊരുത്തക്കേടുണ്ടാകുന്ന പരിധി വരെ, അവ ഈ ടി.ഒ.യു-ന് ഉപരിയായി

വർത്തിക്കുന്നതുമാണ്. പ്രൊമോഷണൽ ഓഫറും(റുകളും) അതിനെ നിയന്ത്രിക്കുന്ന നിബന്ധനകളും അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ പിൻവലിക്കാനും നിർത്താനും പരിഷ്കരിക്കാനും വിപുലീകരിക്കാനും താൽക്കാലികമായി നിർത്താനുമുള്ള അവകാശം കമ്പനിയിൽ നിക്ഷിപ്തമാണ്.

**14. പൊതുവായത്**

-

ഈ വ്യവസ്ഥകളിൽ ഏതെങ്കിലും അസാധുവായതോ, വ്യർത്ഥമായതോ ആയി കണക്കാക്കുകയാണെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ നടപ്പിലാക്കാൻ കഴിയാത്തതാണെങ്കിൽ, വ്യവസ്ഥയിൽ പ്രതിഫലിപ്പിക്കുന്ന കക്ഷികളുടെ ഉദ്ദേശ്യങ്ങൾ പ്രാബല്യത്തിൽ വരുത്താൻ കോടതി ശ്രമിക്കണമെന്ന് കക്ഷികൾ സമ്മതിക്കുന്നു, കൂടാതെ നടപ്പിലാക്കാൻ കഴിയാത്ത വ്യവസ്ഥയെ വേർപെടുത്താവുന്നതായി കണക്കാക്കുകയും ആയത് ശേഷിക്കുന്ന ഏതെങ്കിലും വ്യവസ്ഥയുടെ സാധുതയെയും നടപ്പാക്കലിനെയും ബാധിക്കാതിരിക്കുന്നതുമാണ്. തലക്കെട്ടുകൾ റഫറൻസ് ആവശ്യങ്ങൾക്ക് മാത്രമുള്ളതാണ്, അത് അതിനു കീഴിലുള്ള സെക്ഷന്റെ വ്യാപ്തിയെയോ പരിധിയെയോ പരിമിതപ്പെടുത്തുന്നില്ല. ഈ ടി.ഒ.യു.യും താങ്കളും കമ്പനിയും തമ്മിലുള്ള ബന്ധം ഇന്ത്യയുടെ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടും. ഈ കരാറിൽ നിന്നോ അല്ലെങ്കിൽ അതുമായുള്ള ബന്ധത്തിലോ ഉരുത്തിരിയുന്ന, അതിന്റെ ലംഘനമോ അവസാനിപ്പിക്കലോ ഉൾപ്പെടെയുള്ള ഏത് തർക്കവും, വിവാദവും അല്ലെങ്കിൽ ക്ലെയിമും 1996ലെ ആർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് അല്ലെങ്കിൽ അതിനുള്ള ഭേദഗതിക്കനുസൃതമായി, കമ്പനിയും താങ്കളും പരസ്പരം നിയമിക്കുന്ന ഒരു ഏക മദ്ധ്യസ്ഥൻ തീർപ്പാക്കേണ്ടതാണ്. ഏക മദ്ധ്യസ്ഥനെ സംബന്ധിച്ച് ഞങ്ങൾക്ക് ഒരു അഭിപ്രായ ഐക്യത്തിലെത്താൻ കഴിയുന്നില്ലെങ്കിൽ, മൂന്ന് മദ്ധ്യസ്ഥരുടെ ഒരു പാനലിനെ നിയമിക്കുന്നതിന് ഞങ്ങൾ സമ്മതിക്കുന്നു, അതിൽ ഒരാളെ വീതം ഞങ്ങൾ ഓരോരുത്തരും നിയമിക്കും, ആ രണ്ട് മദ്ധ്യസ്ഥർ ചേർന്ന് മൂന്നാമത്തെ മദ്ധ്യസ്ഥനെയും നിയമിക്കും. മധ്യസ്ഥതയ്ക്കുള്ള വേദി ഗുരുഗ്രാം ആയിരിക്കും. ആർബിട്രൽ നടപടിക്രമം ഇംഗ്ലീഷ് ഭാഷയിൽ നടത്തുകയും ഏത് അവാർഡും അല്ലെങ്കിൽ അവാർഡുകളും ഇംഗ്ലീഷിൽ നൽകുകയും ചെയ്യും. ഈ നിബന്ധനകളിലെ എല്ലാ വ്യവസ്ഥകളും അംഗീകരിക്കാത്ത രാജ്യങ്ങളിലോ

അധികാരപരിധിയിലോ അതിന്റെ ഏത് സേവനങ്ങളും ഉപയോഗിക്കുന്നതിൽ നിന്ന് വെബ്സൈറ്റ് താങ്കളെ പ്രത്യേകം വിലക്കുന്നു. ഈ വെബ്സൈറ്റ് സവിശേഷമായും ഇന്ത്യയുടെ ഭൂപ്രദേശത്തുള്ള ഉപയോക്താക്കൾക്കുള്ളതാണ്. ജുഡീഷ്യലോ അല്ലെങ്കിൽ അർദ്ധ ജുഡീഷ്യലോ ആയ ഏതെങ്കിലും തർക്കമുണ്ടായാൽ, അത് ഗുരുഗ്രാമിലെ കോടതികൾക്ക് മാത്രം അധികാരപരിധിയോടെ, ഇന്ത്യയുടെ നിയമങ്ങൾക്ക് വിധേയമായിരിക്കും. താങ്കളുടെയോ മറ്റുള്ളവരുടെയോ ഒരു ലംഘനവുമായി ബന്ധപ്പെട്ട് കമ്പനി നടപടിയൊന്നും സ്വീകരിക്കാതിരിക്കുന്നത്, തുടർന്നുള്ളതോ സമാനമായതോ ആയ ലംഘനങ്ങളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാനുള്ള അതിന്റെ അവകാശം ഉപേക്ഷിക്കുന്നില്ല. ഈ ടി.ഒ.യു. താങ്കളും കമ്പനിയും തമ്മിലുള്ള മുഴുവൻ കരാറും ആകുകയും, വെബ്സൈറ്റുമായി ബന്ധപ്പെട്ട് താങ്കളും കമ്പനിയും തമ്മിലുള്ള ഏത് മുൻ കരാറുകളെയും അസാധുവാക്കിക്കൊണ്ട് താങ്കളുടെ വെബ്സൈറ്റിന്റെ ഉപയോഗത്തെ നിയന്ത്രിക്കുകയും ചെയ്യുന്നു.

PaisaBazaar.com
പ്ലോട്ട് നം. 135,
സെക്ടർ-44, ഗുഡ്ഗാവ്-122001,
ഹരിയാന
ടെലി - 0124 - 4562900
ഫാക്സ് - 0124 - 4562902
ഇമെയിൽ : **care@paisabazaar.com.**

ഞങ്ങളുടെ സ്വകാര്യതാ നയവുമായി ബന്ധപ്പെട്ട് താങ്കൾക്ക് ചോദ്യങ്ങളോ ആശങ്കകളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ, ഞങ്ങളെ ബന്ധപ്പെടുക (Contact Us) എന്ന പേജിലോ **care@paisabazaar.com.** എന്നതിലോ ഞങ്ങളെ ബന്ധപ്പെടാം.

അവസാനം അപ്ഡേറ്റ് ചെയ്തത് - 06/11/2019